**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 367** **16-09-2025 - ൽ മറുപടിയ്ക്ക്**

**വീടുകളിലെ ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ വീടുകളിൽ നിന്നുള്ള ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ; ഈ പദ്ധതി സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് ഇ മാലിന്യം ശേഖരിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് ക്ലീൻ കേരളാ കമ്പനി ആണ്. വീടുകളിൽ നിന്നുള്ള ഇ മാലിന്യം നിലവിൽ ഹരിതകർമ്മ സേനകൾ ശേഖരിക്കുമ്പോൾ വളരെ ചെറിയൊരു ശതമാനമാണ് ലഭ്യമായിരുന്നത്. ആയതിനാൽ വീടുകളിലെ ഇ-മാലിന്യങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനും ഇത് വഴി ലഭ്യമാകുന്ന 50% ക്രെഡിറ്റ് ആനുകൂല്യം വീട്ടുടമസ്ഥർക്ക് ലഭ്യമാക്കുന്നതിനും വേണ്ടി മറ്റ് പാഴ് വസ്തുക്കൾ ശേഖരിക്കുന്നതിനോടൊപ്പം ഇ-മാലിന്യങ്ങളും ശേഖരിക്കുന്നതിനായി ഹരിത കർമ്മ സേനയെ ഉപയോഗിച്ച് കൊണ്ടുള്ള പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. ആദ്യ ഘട്ടത്തിൽ പൈലറ്റ് പദ്ധതിയായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് മുനിസിപ്പാലിറ്റിയിലും, തൃശ്ശൂർ ജില്ലയിലെ എരുമപ്പെട്ടി ഗ്രാമപഞ്ചായത്ത്, തെക്കുംകര ഗ്രാമപഞ്ചായത്ത്, വടക്കാഞ്ചേരി മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലും കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരി, വൈക്കം മുനിസിപ്പാലിറ്റി, കുറിച്ചി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലും നടപ്പിലാക്കി.തുടർന്ന് സംസ്ഥാനത്തെ എല്ലാ നഗര സഭകളിലും പദ്ധതി നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തികൊണ്ടുള്ള പദ്ധതിയുടെ മൂന്നാം ഘട്ടം അടുത്ത മാസം ആരംഭിക്കുവാൻ നിശ്ചയിച്ചിരിക്കുകയാണ് |

| | | | |
|---|---|---|---|
| (ബി) | പാലാ മണ്ഡലത്തിലെ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലാണ് ഇ-മാലിന്യങ്ങൾ നീക്കം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്; ടി പദ്ധതി ടി മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | **പാലാ മുനിസിപ്പാലിറ്റിയിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ശേഖരണം ആരംഭിക്കുന്ന മുറയ്ക്ക് മണ്ഡലത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ